ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ദേശീയ നേതാക്കൾ കേരളത്തിലേക്ക്; പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കൊച്ചിയിലെത്തും; രാഹുൽഗാന്ധി നാളെ വയനാട്ടിൽ; മുഖ്യമന്ത്രിയുടെ പ്രചാരണം നാളെ തൃശൂരിൽ.

   **National leaders in Kerala for election campaign; Prime Minister Narendra Modi will reach Kochi today; Rahul Gandhi in Wayanad tomorrow; Chief Minister to campaign in Thrissur tomorrow.**

2. യുവശക്തി, സ്ത്രീശക്തി, കർഷകർ, പാവപ്പെട്ടവർ എന്നിവർക്ക് പരിഗണന നൽകുന്നതാണ് ബി ജെ പി പ്രകടന പത്രികയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. താങ്ങുവില, പണപ്പെരുപ്പം, തൊഴിൽ സൃഷ്ടി തുടങ്ങിയ വിഷയങ്ങളിൽ പത്രിക മൗനം പാലിക്കുന്നുവെന്ന വിമർശനവുമായി കോൺഗ്രസ്.

   **Prime Minister Narendra Modi has said that BJP's manifesto is dedicated to youth power, women power, farmers and the poor. Congress criticizes Patrika's silence on issues like minimum support price, inflation and job creation.**

3. ഇസ്രയേലും ഇറാനും നയതന്ത്ര പാതയിലേയ്ക്ക് മടങ്ങണമെന്ന് ഇന്ത്യ. ഇറാൻ പിടിച്ചെടുത്ത ചരക്കുകപ്പലിലെ ജീവനക്കാരെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി വിദേശകാര്യമന്ത്രാലയം.

   **India wants Israel and Iran to return to the diplomatic path. The Ministry of External Affairs intensified its efforts to release the crew of the cargo ship seized by Iran.**

4. ഐശ്വരത്തിൻറേയും കാർഷിക സമൃദ്ധിയുടേയും സന്ദേശവുമായി മലയാളികൾ വിഷു ആഘോഷിച്ചു. ഗുരുവായൂർ, ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്.

**Malayalis celebrated Vishu with the message of prosperity. Devotees in large number visited temples including Guruvayur and Sabarimala.**

5. ഐപിഎൽ ക്രിക്കറ്റിൽ ലക്നൗവിനെതിരെ കൊൽക്കത്തയ്ക്ക് ജയം. ISL ഫുട്ബോളിൽ ഗോവ – ചെന്നൈ പോരാട്ടം.

**In IPL cricket, Kolkata defeated Lucknow. Goa vs Chennai clash in ISL football.**

&&&&&&&&&&&&&&&

**HEADLINE 1**
**ELECTION CAMPAIGNING- KERALA -INTRO**

കേരളത്തിൽ ലോക് സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറുന്നു. വോട്ടെടുപ്പിന് ഇനി ദിവസങ്ങൾ മാത്രം ശേഷിക്കെ, ദേശീയ നേതാക്കളെ അണിനിരത്തി പ്രചാരണം ഊർജ്ജിതമാക്കി പരമാവധി വോട്ടുകൾ സമാഹരിക്കാനുള്ള പരിശ്രമത്തിലാണ് മൂന്ന് മുന്നണികളും.എൻ ഡി എ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കേരളത്തിലെത്തും. രാത്രി 8.30 ഓടെ കൊച്ചി വിമാനത്താവളത്തിൽ എത്തുന്ന പ്രധാനമന്ത്രി ഹെലികോപ്റ്ററിൽ കൊച്ചി നാവിക വിമാനത്താവളത്തിലേക്ക് പോകും. രാത്രി അദ്ദേഹം എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ തങ്ങും.

ഒരു റിപ്പോർട്ട്.....
(വോയിസ്)

&&&&&&&&&&&&&&&

**ELECTION KERALA- VOICE**

നാളെ രാവിലെ കാർ മാർഗ്ഗം തൃശ്ശൂരിലേക്ക് പോകുന്ന പ്രധാനമന്ത്രി, ആലത്തൂർ ലോക്സഭാ മണ്ഡലത്തിൽ പെടുന്ന കുന്നംകുളം ചെറുവട്ടാനിയിൽ എൻഡിഎ സ്ഥാനാർത്ഥി ഡോ. ടി. എൻ സരസുവിന്റെ പ്രചാരണാർത്ഥം സംഘടിപ്പിച്ചിട്ടുള്ള പൊതുയോഗത്തെ അഭിസംബോധന ചെയ്യും. തുടർന്ന് തിരുവനന്തപുരത്ത് എത്തുന്ന പ്രധാനമന്ത്രി ആറ്റിങ്ങൽ, തിരുവനന്തപുരം മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തെ അഭിസംബോധന ചെയ്യും. തിരികെ കൊച്ചിയിലെത്തുന്ന അദ്ദേഹം ഉച്ചയോടെ ന്യൂഡൽഹിക്ക് മടങ്ങും. കേന്ദ്ര മന്ത്രി രാജ്നാഥ്സിങ് എൻ ഡി എ പ്രചാരണത്തിനായി വ്യാഴാഴ്ച സംസ്ഥാനത്ത് എത്തും. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി നാളെയും മറ്റന്നാളും മണ്ഡലത്തിൽ പ്രചാരണം നടത്തും. രാഹുൽ ഗാന്ധിയ്ക്കായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഈ മാസം 20-നും ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി 22-നും കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ എന്നിവിടങ്ങളിൽ എൽഡിഎഫ് പ്രചരണത്തിനെത്തും. മറ്റന്നാൾ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ വടക്കാഞ്ചേരി, നെന്മാറ എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് യോഗങ്ങളിലും അദ്ദേഹം പങ്കെടുക്കും. സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി മറ്റന്നാൾ കാസർഗോഡ്, കണ്ണൂർ മണ്ഡലങ്ങളിൽ പ്രചാരണത്തിനെത്തും. പോളിറ്റ്ബ്യൂറോ അംഗം പ്രകാശ് കാരാട്ട്, സിപിഐ ജനറൽ സെക്രട്ടറി ഡി. രാജ എന്നിവരും വരും ദിവസങ്ങളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ എൽഡിഎഫ് പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും. ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&

**REV BJP MANIFESTO**

ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ബി.ജെ.പിയുടെ പ്രകടന പത്രിക പുറത്തിറക്കി. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് മുതിർന്ന നേതാക്കളായ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ് നാഥ് സിംഗ്, നിർമല സീതാരാമൻ, ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ എന്നിവരുടെ സാന്നിധ്യത്തിലാണ് പത്രിക പുറത്തിറക്കിയത്. ബിജെപിയുടെ 2024-ലെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. വികസനം, സ്ത്രീ ക്ഷേമം, അടിസ്ഥാനസൗകര്യം എന്നിവയ്ക്ക് പത്രിക ഊന്നൽ നൽകുന്നു. ഏക സിവിൽ കോഡ്, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്, വനിതാ സംവരണ നിയമം, 6-ജി ,ബുള്ളറ്റ് ട്രെയിൻ, മുദ്ര വായ്പ പരിധി 20 ലക്ഷം രൂപയാക്കൽ, 3 കോടി വീടുകൾ, പുരപ്പുറ സോളാർ പദ്ധതി എന്നിവ നടപ്പാക്കുമെന്നും പ്രകടന പത്രികയിൽ പറയുന്നു. സൗജന്യ റേഷൻ അഞ്ചു വർഷത്തേക്ക് കൂടി തുടരുമെന്നും 70 വയസിന് മുകളിലുള്ള എല്ലാവരേയും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും വാഗ്ദാനമുണ്ട് .

&&&&&&&&&&&&&&&&

**HEADLINE 2**
**PM - PIPARIA MP**

യുവശക്തി, സ്ത്രീശക്തി, കർഷകർ, പാവപ്പെട്ടവർ എന്നിവർക്ക് സമർപ്പിച്ചിട്ടുള്ളതാണ് ബി ജെ പി പ്രകടന പത്രികയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മധ്യപ്രദേശിലെ നർമ്മദാപുരം ജില്ലയിലെ പിപ്പരിയയിൽ ഒരു പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

**CONG REAX BJP MANIFESTO**

അതിനിടെ, ബിജെപി പ്രകടന പത്രികയെ കുറ്റപ്പെടുത്തി കോൺഗ്രസ്സ് രംഗത്തെത്തി. തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ബി ജെ പി പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കോൺഗ്രസ്സ് നേതാവ് സുപ്രിയ ശ്രീനേറ്റ് ആരോപിച്ചു. വിളകളുടെ കുറഞ്ഞ താങ്ങു വിലയ്ക്കുള്ള നിയമപരമായ ഉറപ്പ്, പണപ്പെരുപ്പം കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളിൽ പ്രകടനപത്രിക മൗനം പാലിക്കുന്നുവെന്നും അവർ പറഞ്ഞു.

&&&&&&&&&&&&&&&

**PRIYANKA GANDHI - ELECTION**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളിൽ നിന്നും ജനകീയ പ്രശ്നങ്ങളിൽ നിന്നും പൂർണ്ണമായും അകന്നതായി കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി വാദ്ര. രാജസ്ഥാനിലെ ജലോറിൽ തിരെഞ്ഞെടുപ്പ് യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണെന്നും അത് സംബന്ധിച്ച പരാതി കേൾക്കാൻ ആരും തയ്യാറല്ലെന്നും അവർ പറഞ്ഞു. ബിജെപി അഴിമതിക്കെതിരെ പോരാടുകയല്ലെന്നും പ്രതിപക്ഷത്തെ നിശബ്ദമാക്കുന്നയാണെന്നും ശ്രീമതി പ്രിയങ്ക ആരോപിച്ചു.

&&&&&&&&&&&&&&&

**REV. PM TRIBUTE-AMBEDKAR**

ഭരണഘടനാ ശില്പി ഡോ ബി.ആർ അംബേദ്കറുടെ 134-ാം ജന്മവാർഷികത്തിൽ സ്മരണാഞ്ജലി അർപ്പിച്ച് രാജ്യം. അദ്ദേഹത്തിൻറെ അന്ത്യവിശ്രമ സ്ഥലമായ ചൈത്യഭൂമിയിലും ബുദ്ധമതം സ്വീകരിച്ച നാഗ്പൂരിലെ ദീക്ഷഭൂമിയിലും വിവിധ ആഘോഷങ്ങൾ സംഘടിപ്പിച്ചു . പാർലമെന്റ് അങ്കണത്തിലെ അംബേദ്കർ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&

## INDIAN NAVY-AWARDS

ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള നാവിക സേന പുരസ്കാരങ്ങൾ സമ്മാനിച്ചു. ഗോവയിലെ നേവൽ ബേസ് ഐഎൻഎസ് ഹൻസയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന് വേണ്ടി നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരി കുമാറാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

&&&&&&&&&&&&&&&

## FPI DATA

ഇന്ത്യൻ ഓഹരി വിപണികളിൽ നിന്ന് ഓഹരികൾ വാങ്ങുന്നത് തുടർന്ന് വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ. ഏപ്രിൽ മൂന്നാം വാരവും വിദേശ നിക്ഷേപകർ വാങ്ങിയ ഓഹരികളുടെ മൂല്യം, വിറ്റഴിച്ച ഓഹരികളേക്കാൾ കൂടിയ നിലയിലാണ്. ഈ മാസമിതുവരെ 13,347 കോടി രൂപയുടെ ഓഹരികൾ വാങ്ങിയെന്നാണ് കണക്ക്. 2023-24 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ-ഡിസംബർ പാദത്തിൽ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച 8.4 രേഖപ്പെടുത്തി. അതിവേഗം വളരുന്ന പ്രധാന സമ്പദ്വ്യവസ്ഥയായി രാജ്യം തുടരുകയാണ്.

&&&&&&&&&&&&&&&

## KEJRIWAL

മദ്യനയക്കേസുമായി ബന്ധപ്പെട്ട ഇ.ഡിയുടെ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സമർപ്പിച്ച ഹർജി സുപ്രീംകോടതി നാളെ പരിഗണിച്ചേക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ഗുപ്ത എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക.

&&&&&&&&&&&&&&&

## HEADLINE 3
## IRAN -EXTERNAL AFFAIRS

ഇസ്രയേലും ഇറാനും തമ്മിലുള്ള സംഘർഷം രൂക്ഷമായതിൽ ആശങ്ക പ്രകടിപ്പിച്ച് വിദേശകാര്യ മന്ത്രാലയം. മേഖലയിലെ

സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയായ ഇസ്രയേൽ- ഇറാൻ സംഘർഷം രൂക്ഷമാകുന്നതിൽ രാജ്യത്തിന് അതീവ ആശങ്കയുണ്ടെന്ന് മന്ത്രാലയം അറിയിച്ചു. സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും മേഖലയിലെ എംബസികൾ ഇന്ത്യൻ സമൂഹവുമായി അടുത്ത ബന്ധം പുലർത്തുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. അക്രമത്തിൽ നിന്ന് പിന്മാറാനും നയതന്ത്രത്തിൻറെ പാതയിലേക്ക് മടങ്ങാനും ഇന്ത്യ ഇരു രാജ്യങ്ങളോടും ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

## REV. ISRAEL- IRAN - GCC DUBAI STATEMENT

സഹകരണ- നയതന്ത്ര മാർഗങ്ങളിലൂടെ പ്രാദേശിക സുരക്ഷ നിലനിർത്തേണ്ടതിൻ്റെ പ്രാധാന്യം അടിവരയിട്ട് ഗൾഫ് സഹകരണ കൗൺസിൽ സെക്രട്ടറി ജനറൽ ജാസിം മുഹമ്മദ് അൽബുദൈവി. എല്ലാ കക്ഷികളും സംയമനം പാലിക്കണമെന്നും പ്രശ്നങ്ങൾ രൂക്ഷമാകുന്നത് തടയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

## ISRAEL - REOPENED AIRSPACE

ഇറാൻ്റെ മിസൈൽ ആക്രമണത്തെ തുടർന്ന് ഏഴ് മണിക്കൂർ അടച്ചിട്ടതിന് ശേഷം ഇസ്രായേലിന്റെ വ്യോമാതിർത്തി വീണ്ടും തുറന്നു. ടെൽ അവീവിൽ നിന്ന് പുറപ്പെടുന്ന വിമാന ക്രമീകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന തടസ്സങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ ശേഷമാണ് ഇസ്രായേലി എയർപോർട്ട് അതോറിറ്റി ഇക്കാര്യമറിയിച്ചത്. ജോർദാൻ, ഇറാഖ്, ലെബനൻ എന്നീ രാജ്യങ്ങളും ഇന്ന് തങ്ങളുടെ വ്യോമാതിർത്തി വീണ്ടും തുറക്കുന്നതായി സംയുക്ത പ്രതികരണത്തിൽ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

## IRAN SHIP- INDIA

ഇറാൻ പിടിച്ചെടുത്ത ചരക്കുകപ്പലിലെ ജീവനക്കാരെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി ഇന്ത്യ. പൗരന്മാരുടെ മോചനത്തിന് ടെഹ്റാനിലെയും ഡൽഹിയിലെയും ഇറാൻറെ നയതന്ത്ര ഉദ്യോഗസ്ഥരെ വിദേശകാര്യമന്ത്രാലയം വിഷയം ധരിപ്പിച്ചു. നാവികസേനയും സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചുവരുന്നു.

&&&&&&&&&&&&&&&&

**MK RAGHA VAN**

ഇറാൻ പിടിച്ചെടുത്ത ഇസ്രായേൽ ചരക്കു കപ്പലിൽ ഉൾപ്പെട്ട കോഴിക്കോട് വെള്ളിപറമ്പ് തേലം പറമ്പത്ത് ശ്യാംനാഥിന്റെ മാതാപിതാക്കളെ എം പി മാരായ എംകെ രാഘവനും, എളമരം കരീമും സന്ദർശിച്ചു. കപ്പൽ ജീവനക്കാരെ മോചിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ഇറാൻ അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന് ഇരുവരും അറിയിച്ചു. ചരക്കുകപ്പലിൽ മാനന്തവാടി പെറ്റംകോട്ട് വീട്ടിൽ പി വി ധനേഷും, പാലക്കാട് സ്വദേശി സുമേഷും അകപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&

**HEADLINE 4**
**VISHU CELEBRATION**

ഐശ്വരത്തിൻറേയും കാർഷിക സമൃദ്ധിയുടേയും സന്ദേശവുമായി മലയാളികൾ വിഷു ആഘോഷിച്ചു. വിഷുക്കണി കണ്ടുണർന്നും, കൈനീട്ടം നൽകിയും, സദ്യയൊരുക്കിയുമായിരുന്നു ആഘോഷങ്ങൾ. ഗുരുവായൂർ, ശബരിമല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വിഷുക്കണി ദർശനത്തിന് വലിയ തിരക്കാണ് അനുഭവപ്പെട്ടത്. ദക്ഷിണകാശി എന്നറിയപ്പെടുന്ന വയനാട്-തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിൽ ആയിരക്കണക്കിന് ഭക്തർ വിഷുക്കണി ദർശിച്ചു. തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ ഒരുക്കിയ വിഷുക്കണി ദർശിക്കാൻ രാവിലെ 3 മണി മുതൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്.

&&&&&&&&&&&&&&&

**HEADLINE 5**
**IPL**

ഐ പി എൽ ക്രിക്കറ്റിൽ ലക്ക് നൗ സൂപ്പർ ജയന്റ്സിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 8 വിക്കറ്റ് വിജയം. ലക്നൗ ഉയർത്തിയ 162 റൺ വിജയലക്ഷ്യം രണ്ട് വിക്കറ്റ് നഷ്ടത്തിൽ കൊൽക്കത്ത മറികടന്നു. രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിന്നു. ടോസ് നേടിയ മുംബൈ ഫീൽഡിഗ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&

**HEADLINE 5 A**
**ISL**

ISL ഫുട്ബോളിൽ ഗോവ എഫ്.സി-ചെന്നൈയിൻ എഫ്.സി പോരാട്ടം. ഗോവയിലാണ് മത്സരം.

&&&&&&&&&&&&&&&

**CANDIDATES CHESS**

കാനഡയിലെ ടൊറൻ്റോയിൽ നടക്കുന്ന 'കാൻഡിഡേറ്റ്സ്' ചെസ്സ് ടൂർണമെൻ്റിൽ ഗ്രാൻഡ്മാസ്റ്റർ ഡി. ഗുകേഷ് വിദിത് ഗുജറാത്തിയെ പരാജയപ്പെടുത്തി. വിജയത്തോടെ ഗുകേഷ് പുരുഷന്മാരുടെ പോയിൻ്റ് പട്ടികയിൽ റഷ്യയുടെ ഇയാൻ നെപോംനിയാച്ചിനൊപ്പം ഒന്നാമതാണ്.

&&&&&&&&&&&&&&&

**RAIN -IMD**

കേരളത്തിൽ ചൂട് തുടരുന്നു. ബുധനാഴ്ച വരെ 11 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. സംസ്ഥാനത്ത് വേനൽ മഴയും തുടരുന്നു.

&&&&&&&&&&&&&&&
&&&&&&&&&
&&&&